©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 ആഗസ്റ്റ് 18
18th August 2020

1196 ചിങ്ങം 2
2nd Chingam 1196

1942 ശ്രാവണം 27
27th Sravana 1942

നമ്പർ No. 33

## PART III

# Labour Department

നോട്ടീസ്

(1)

നമ്പർ ബി-2244/2019. ECC-151/2016. 2020 ജൂൺ 17.

ശ്രീ. ഡേവിസ്, ചക്രമാക്കിൽ വീട്, ബ്രഹ്മകുളം പി. ഒ., തൈക്കാട്, തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ മരണപ്പെട്ട തിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതി നായി ₹ 9,52,948 (ഒൻപത് ലക്ഷത്തി അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തെട്ട് രൂപ മാത്രം) ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവ്വചന പ്രകാരം ടിയാന്റെ ആശ്രിതരായി (1) ശ്രീമതി ജൂലി (ഭാര്യ), (2) അലൻ @ ജോസഫ് ഡേവിസ് (മകൻ), (3) ജീവൻ (മകൻ) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് ചാവക്കാട് അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ബി-857/2020. ECC-10/2020. 2020 ജൂലൈ 9.

ശ്രീ. സുബ്രഹ്മണ്യൻ, വടേരി ഹൗസ്, പെരിഞ്ഞനം പി. ഒ., തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടതിനാൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യയായ ശ്രീമതി ഓമന, സി. കെ., മക്കളായ ശ്രീമതി റീഗ, വി. എസ്., ശ്രീ. റിജിൻ, വി. എസ്. എന്നിവർ ഈ ട്രൈബ്യൂണൽ മുമ്പാകെ ECC-10/2020-ാം നമ്പരായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസ രിച്ചുള്ള നിർവ്വചന പ്രകാരം ടി സുബ്രഹ്മണ്യന്റെ ആശ്രിതയായി ശ്രീമതി ഓമന, സി. കെ., (ഭാര്യ) മാത്രമാണ് ഉണ്ടായിരുന്ന തെന്ന് കൊടുങ്ങല്ലൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട്

ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞവർ മാത്രമാണ് ശ്രീ. സുബ്രഹ്മണ്യന്റെ ആശ്രിത എന്നുള്ള നിഗമനത്തിൽ എത്തുന്നതായിരിക്കും.

(3)

നമ്പർ ബി-417/2020. / ECC-1201/2016. 2020 ജൂലൈ 14.

ശ്രീ. സുനിൽകുമാർ, ആണ്ടിക്കോടി ഹൗസ്, അമ്മാടം പി. ഒ., തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടതിനാൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യയായ ശ്രീമതി ജ്യോതി, ടി. കെ. മാതാവ് ശ്രീമതി യശോദര, മക്കളായ ഐശ്വര്യ, എ. എസ്., അശ്വതി, എ. എസ്. എന്നിവർ ഈ ട്രൈബ്യൂണൽ മുമ്പാകെ ECC-1201/2016-ാം നമ്പരായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവ്വചന പ്രകാരം ശ്രീ. സുനിൽകുമാറിന്റെ ആശ്രിതർ (1) ശ്രീമതി ജ്യോതി, ടി. കെ., (ഭാര്യ) (2) ശ്രീമതി യശോദര (മാതാവ്), (3) ഐശ്വര്യ, എ. എസ്. (മകൾ) (4) അശ്വതി, എ. എസ്. (മകൾ) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് തൃശ്ശൂർ ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞവർ മാത്രമാണ് ശ്രീ. സുനിൽകുമാറിന്റെ ആശ്രിതർ എന്നുള്ള നിഗമനത്തിൽ എത്തുന്നതായിരിക്കും.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ കാര്യാലയം, തൃശ്ശൂർ, അയ്യന്തോൾ.

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.

NOTICE

No. ECC-95/2018. *30th June 2020.*

Whereas the United India Insurance Company Limitted has deposited with this Court and amount of ₹ 7,89,535 (Rupees Seven Lakh Eightynine Thousand Five Hundred and Thirtyfive only) towards compensation payable to the dependents of the deceased Ali, K. who met with fatal accident in the course of work while he was working as a driver in a Truck bearing Registration No. KL-55 K 7295 on 25-11-2017. The Assistant Labour Officer, Sulthan Bathery has reported that Smt. Ramla (wife) Kudukkan House, Matakkara, Nenmeni P. O., Thovarimala, Wayanad is his only dependent as defined under Section 2(1) (d) of the Employees' Compensation Act, 1923 any other claiming to be such dependents should within 15 days of the publication of this notice in the Kerala Government Gazette prefer their claims in writing before me and from the same. If no such claims are received within the prescribed time the entire amount of compensation will be disbursed to the persons mentioned above and claims preferred thereafter will not be considered.

നമ്പർ ECC-95/2018. 2020 ജൂൺ 30.

25-11-2017-ാം തീയതി KL 55 K 7295 നമ്പർ ട്രക്കിൽ ഡ്രൈവറായി ജോലി ചെയ്യവെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട അലി എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി ₹ 7,89,535 (ഏഴ് ലക്ഷത്തി എൺപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈ കോടതിയിൽ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളി നഷ്ടപരിഹാര ആക്റ്റിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ച് നിർവ്വചന പ്രകാരം ടിയാന്റെ ആശ്രിതരായി ഭാര്യ റംല, കുടുക്കൻ വീട്, മാടക്കര, നെന്മേനി പി. ഒ., തൊവരിമല, വയനാട് എന്നവർ മാത്രമേ ഉള്ളൂ എന്ന് സുൽത്താൻബത്തേരി അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽപറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശ വാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ & എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ കാര്യാലയം, കോഴിക്കോട്.

(ഒപ്പ്)
പ്രിസൈഡിംഗ് ഓഫീസർ,
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ & എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.